കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: auditlfdopkd@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി10/1520/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്, തീയതി: 23-08-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി10/1520/2017 തിയ്യതി: 23-08-2017

## പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

## (1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23-11-2016 മുതൽ 24-7-2017 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സുനിൽദാസ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25-7-2017 മുതൽ 31-7-2017 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഐ.സുലൈമാൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.എ.വി.രാധാകൃഷ്ണൻ | ഓഡിറ്റർ |
| ശ്രീമതി.കാർത്തിക | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.റജിമോൻ.ഡി | 1-4-2016 മുതൽ 31-3-2017 വരെ |
| സെക്രട്ടറി | ശ്രീ.ദിനേഷ്.കെ | 1-4-2016 മുതൽ 23-4-2016 വരെ<br>&<br>9-5-2016 മുതൽ 28-7-2016 വരെ |
| | ശ്രീ.കിൻസ്ബോയ്.ടി, അസി.സെക്രട്ടറി<br>(സെക്രട്ടറി-ഇൻ-ചാർജ്ജ്) | 24-4-2016 മുതൽ 8-5-2016 വരെ<br>&<br>29-7-2016 മുതൽ 25-8-2016 വരെ |
| | ശ്രീ.സുബ്രമണ്യൻ.എസ് | 26-8-2016 മുതൽ 15-2-2017 വരെ |
| | ശ്രീ.ഷാന്റോ.സി.വി | 16-2-2017 |
| | ശ്രീ.എ.മുരളീധരൻ | 17-2-2017 മുതൽ 31-3-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.നീതു ചന്ദ്രൻ | 1-4-2016 മുതൽ 25-6-2017 വരെ |
| | ശ്രീമതി.ലാലിമ ജോർജ്ജ് | 26-6-2016 മുതൽ 27-7-2016 വരെ |
| | ശ്രീ. ഉണ്ണിരാജൻ | 28-7-2016 മുതൽ 31-3-2017 വരെ |
| വി.ഇ.ഒ - 1 | ശ്രീ.റോബി.എസ് | 1-4-2016 മുതൽ 26-1-2017 വരെ |
| | ശ്രീ.ദീപക്.കെ.കെ | 27-1-2017 മുതൽ 31-3-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സാദിക.കെ | 1-4-2016 മുതൽ 31-3-2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.വിനോദ്.ഇ.കെ | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.റമിൻ ആൽഫ്രഡ് | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.സന്തോഷ്.കെ.കെ | 1-4-2016 മുതൽ - -2017 വരെ |
| | ഡോ.ഷാർലറ്റ് വിൻസന്റ് | 1-4-2016 മുതൽ - -2017 വരെ |

| | | |
|---|---|---|
| സീനിയർ വെറ്ററിനറി സർജ്ജൻ | ശ്രീമതി.കെ.ജി.ലത | 1-4-2016 മുതൽ 31-3-2017 വരെ |
| എച്ച്.എം | ശ്രീമതി. സുധ.എൻ | 1-4-2016 മുതൽ 31-3-2017 വരെ |
| അസി.സെക്രട്ടറി | ശ്രീ.കിൻസ്ബോയ്.ടി | 1-4-2016 മുതൽ 3-1-2017 വരെ |
| | ശ്രീ.ഷാന്റോ.സി.വി | 4-1-2017 മുതൽ 31-3-2017 വരെ |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | അനുബന്ധ പത്രിക | 1-11 |


ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ് | 2-1 |
| 2 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക | 2-2 |

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ് | 2-1 |
| | ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | |
| 3 | തൊഴിൽ നികുതി - രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ | 2-3 |
| 4 | കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 2-4 |
| 5 | ഡി&ഒ ലൈസൻസ് അപേക്ഷകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ | 2-5 |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ് | 3-1 |
| 2 | പൊതുടാപ്പുകൾ കുറവു ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 3-2 |
| 3 | അസാധാരണ ചെലവുകളുടെ രേഖകൾ പ്രത്യേകം സൂക്ഷിക്കുന്നില്ല | 3-3 |
| 4 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണ വിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ് | 3-4 |
| 5 | പട്ടികജാതി വിഭാഗക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി പൂർത്തീകരിച്ചില്ല | 3-5 |
| 6 | ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അടങ്ങിയ രജസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല | 3-6 |
| 7 | പോഷകാഹാര പരിപാടിയുടെ കേന്ദ്രസഹായം സമയബന്ധിതമായി ചെലവഴിക്കുന്നില്ല | 3-7 |
| 8 | വെളിയിട വിസർജ്ജന വിമുക്ത ഗ്രാമ പദ്ധതി (ODF)- കണ്ണമ്പ്ര | 3-8 |

| | | |
|---|---|---|
| | ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളുടെ അവലോകനം | |
| 9 | പാലിയേറ്റീവ് പരിചരണ പരിപാടി - അവലോകനം | 3-9 |
| 10 | ആയുർവേദ ആശുപത്രിയിലേക്കുള്ള മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല | 3-10 |
| 11 | ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-11 |
| 12 | കുടുംബശ്രീ അക്കൗണ്ടിൽ അവശേഷിക്കുന്ന വികസന ഫണ്ട് ചെലവഴിക്കേണ്ടതാണ് | 3-12 |
| 13 | റിവോൾവിംഗ് ഫണ്ട് വിതരണം - തുക ചെലവഴിച്ചില്ല | 3-13 |
| 14 | വികസന ഫണ്ട് പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് മാസങ്ങളോളം സൂക്ഷിച്ചു | 3-14 |
| 15 | അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി നടത്തിപ്പ്-അവലോകനം | 3-15 |
| 16 | വിവിധ പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫോറങ്ങളുടെ വില ജില്ലാ പഞ്ചായത്തിൽ നിന്നും പഞ്ചായത്തിന് ലഭ്യമാക്കേണ്ടതാണ് | 3-16 |
| 17 | കുടിവെള്ള പദ്ധതിയുടെ പഴയ മോട്ടോർ കയ്യൊഴിക്കേണ്ടതാണ് | 3-17 |
| 18 | കരാറുകാർക്ക് ടാർ വാങ്ങി നൽകുന്നതിനായി എണ്ണ കമ്പനികൾക്ക് നൽകിയ തുകകൾ ക്രമീകരിക്കേണ്ടതാണ് | 3-18 |
| 19 | കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 3-19 |
| 20 | തൊഴിലുറപ്പ് പദ്ധതി പ്രകാരം വൈവിധ്യമാർന്ന പ്രവൃത്തികൾ ഏറ്റെടുത്തത് അഭിനന്ദനാർഹം | 3-20 |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ്/പുതുക്കിയ ബജറ്റ് 29-2-2016 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 124176000 രൂപയും ചെലവ് 119396000 രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 22-6-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2016-17 | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10075045 |
| വരവ് | 61686186 |
| ആകെ | 71761231 |

| | |
|---|---|
| ചെലവ് | 51407703 |
| നീക്കിയിരിപ്പ് | 20353528 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10737650 | 10737650 | 10737650 | 0 |
| വികസനഫണ്ട് എസ്.സി.പി | 0 | 5452334 | 5452334 | 5452334 | 0 |
| വികസനഫണ്ട് ടി.എസ്.പി | 0 | 5600 | 5600 | 5600 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 4485659 | 4485659 | 4485659 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 3065361 | 3065361 | 3065361 | 0 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3723956 | 3723956 | 3723956 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2967663 | 2967663 | 2967663 | 0 |
| എം.എൻ.ആർ. ഇ. ജി.എസ്. | 1500 | 29342237 | 29343737 | 29342747 | 990 |
| ബി ഫണ്ട് | 0 | 42549130 | 42549130 | 42549130 | 0 |

# 1-6 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാ | നടപ്പാക്കാത്തവ | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | ക്കിയത് (എണ്ണം) | (എണ്ണം) | |
|---|---|---|---|---|---|---|
| 108 | 47658872 | 89 | 32522800 | - | 19 | 68 |

2016-17 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 82 % പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 68% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാ ക്കിയത് | ആകെ അടങ്കൽ തുക | ചെല വഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 4 | 4293478 | 3226500 | 75 |
| വി.ഇ.ഒ | 6 | 5 | 3626000 | 2693000 | 74 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 4253010 | 3675312 | 86 |
| സെക്രട്ടറി | 16 | 14 | 5157439 | 4813086 | 93 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 57 | 45 | 20807570 | 12304840 | 59 |
| മെഡിക്കൽ ഓഫീസർ-PHC | 2 | 2 | 350000 | 308659 | 88 |
| മെഡിക്കൽ ഓഫീസർ-ISM | 2 | 2 | 725000 | 724900 | 100 |
| വെറ്ററിനറി സർജ്ജൻ | 4 | 4 | 1750000 | 801341 | 46 |
| എച്ച്.എം | 2 | 1 | 891794 | 660500 | 74 |
| അസി.സെക്രട്ടറി | 10 | 8 | 5804581 | 3314662 | 57 |
| ആകെ | 108 | 89 | 47658872 | 32522800 | 68 |

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് | തൻ വർഷം വരവ് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 3908269 | 6023386 | 2115117 | (+)54 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 641256 | 904985 | 263729 | (+)41 |
| ആകെ | 4549525 | 6928371 | 2378846 | (+52 |

# 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | തീരുമാനമെടുത്തവയിൽ നിരസിച്ചവ | കാലതാമസത്തിന്റെ കാരണം |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 10 | 7 | 2 | അന്വേഷണ റിപ്പോർട്ട് വൈകിയതിനാൽ |
| 2 | തൊഴിൽ രഹിത വേതനം | 20 | 14 | 7 | വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ |
| 3 | വിധവാ പെൻഷൻ | 64 | 43 | 8 | അന്വേഷണ റിപ്പോർട്ട് വൈകിയതിനാൽ |
| 4 | വികലാംഗ പെൻഷൻ | 20 | 16 | 3 | |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1 | 1 | 1 | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 593 | 466 | 178 | അന്വേഷണ റിപ്പോർട്ട് വൈകിയതിനാൽ |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-7-2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 5269 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുത രമായ ഓഡിറ്റ് പരാമർശ ങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 21-6-2017 | 5/2017 | റിപ്പോർട്ട് ലഭ്യമായിട്ടില്ല | - |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27-6-2008 | 2007-08 വരെ | 4-8-2018 | - |

# 1-11 അനുബന്ധ പത്രിക

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

സ.ഉ(എം.എസ്) നം. 358/15/ത.സ്വ.ഭ.വ തിയതി 16-12-2015 പ്രകാരം പരാതികൾക്കും ആക്ഷേപങ്ങൾക്കും ഇട നൽകാതെ വസ്തു നികുതി നിർണ്ണയ പുനക്രമീകരണ നടപടികൾ എല്ലാ ഗ്രാമപഞ്ചായത്തുകളിലും 31-12-2015 നുള്ളിൽ പൂർത്തീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. ആയത് പാലിച്ചുകൊണ്ട് വസ്തുനികുതി പരിഷ്കരണ നടപടികൾ അന്തിമമാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടിരുന്നത്.

സഞ്ചയ സോഫ്റ്റ് വെയറിൽ നടത്തിയ ഡാറ്റാ എൻട്രിയിൽ ഉണ്ടായിട്ടുള്ള പല അപാകതകളും പരിഹരിക്കപ്പെട്ടിട്ടില്ല എന്നും സോഫ്റ്റ്‌വെയറിന്റെ പരിമിതി മൂലം ഉണ്ടായിട്ടുള്ള അപാകതകൾ നിലനിൽക്കുന്നുവെന്നും പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. സഞ്ചയ സോഫ്റ്റ്‌വെയറിന്റെ പരിമിതി - ചട്ടപ്രകാരമല്ലാതെ ഓഫീസ് കെട്ടിടങ്ങളുടെ നികുതി പരിമിതപ്പെടുത്തുന്നത് പുനപരിശോധിക്കേണ്ടതാണ്

27.04.2015 ലെ സ.ഉ(എം.എസ്)നം.144/15/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച വസ്തുനികുതി പരിഷ്കരണത്തിന്മേലുള്ള ഭേദഗതി ഉത്തരവിലെ ക്രമ നം.3 പ്രകാരം വാണിജ്യ, വ്യവസായ വിഭാഗങ്ങളിലുൾപ്പെട്ട നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് 100 ശതമാനത്തിൽ പരിമിതപ്പെടുത്താവുന്നതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 'ഓഫീസ് ആവശ്യം' എന്ന ഉപയോഗ ഗണത്തിലുൾപ്പെട്ട കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് 150 ശതമാനമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിന്റെ പരിമിതി മൂലമാണ് ഇത്തരത്തിൽ പരിമിതപ്പെടുത്തുന്നത്. ആയതുമൂലം സ്ഥാപനത്തിന്റെ നികുതി വരവിൽ കുറവുണ്ടാകുന്നതായി വിലയിരുത്തുന്നു. ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയ ഓഫീസ് കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന്റെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

അടിസ്ഥാന നികുതി നിരക്ക് - 40 രൂപ

| ക്രമ നം. | ഫോറം 6 | | | | കണക്കാക്കേണ്ട നികുതി | | | |
|---|---|---|---|---|---|---|---|---|
| | വാർഡ് / കെട്ടിട നം, കെട്ടിട ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച. മീറ്ററിൽ) | പഴയ നികുതി | പരിമിതപ്പെടുത്തിയ തുക (150% വർദ്ധനവ് ഉൾപ്പെടെ) | നിർണ്ണയിക്കേണ്ട നികുതി | ഇളവ്/ വർദ്ധനവ് | ബാധകമായ നികുതി | കുറവ് |
| 1 | 5/357<br>NSS കരയോഗം | 68 | 331 | 828 | 2720 | 272<br>(മേഖല- 10% ഇളവ്)<br>---------<br>544<br>(വഴി - 20% വർദ്ധനവ്) | 2992 | 2164 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 2 | 1/103<br>പാർട്ടി ഓഫീസ് | 32 | 14 | 35 | 1280 | 384 (മേഖല, മേൽക്കൂര, കാലപ്പഴക്കം -30%)<br>256<br>(വഴി - (+)20%) | 1152 | 1117 |
| 3 | 8/133<br>പള്ളിയറ ഭഗവതി സഹായം നായർ സമാജം | 121 | 972 | 2430 | 4840 | 968<br>(മേഖല, കാലപ്പഴക്കം- (-)20%)<br>---- | 3872 | 1442 |
| 4 | 150/7<br>ശ്രീകൃഷ്ണ സ്കഫോൾഡിംഗ്സ് - ഓഫീസ് കെട്ടിടം | 18 | 163 | 408 | 720 | 72<br>(മേഖല (-)10%)<br>144<br>(വഴി - (+)20%) | 792 | 384 |
| ആകെ | | | | | | | | 5107 |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ഗണത്തിലുൾപ്പെടുന്നില്ല.

ഉപയോഗക്രമം, ബഹുനില കെട്ടിടങ്ങൾ എന്നിവയ്ക്ക് നൽകാവുന്ന ഇളവുകൾക്ക് മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾക്ക് അർഹതയില്ല. വസ്തുനികുതി ചട്ടം, സർക്കാർ ഉത്തരവ് എന്നിവയ്ക്ക് വിരുദ്ധമായി അനർഹമായ ഇളവുകൾ നൽകി വസ്തുനികുതി പുനർനിർണ്ണയിച്ചതിലൂടെ 2013-14 മുതൽ ഒരോ വർഷവും ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിന്റെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ഉന്നതാധികാരികളുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരേണ്ടതാണ്.

2) ബാങ്ക് കെട്ടിടം പാർപ്പിടമായി പരിഗണിച്ച് നികുതി കണക്കാക്കി

പഞ്ചാബ് നാഷണൽ ബാങ്ക് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വസ്തു നികുതി പാർപ്പിടാവശ്യം എന്ന ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തിയാണ് നിർണ്ണയിച്ചിരിക്കുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട നം./ വാർഡ് നം. | ഉടമ യുടെ പേര് | വിസ്തീർണ്ണം $m^2$ | ഇളവ് / വർദ്ധനവ് | നിശ്ചയിച്ച അടിസ്ഥാന നികുതി നിരക്ക്/ ഈടാക്കിയ നികുതി | ഓഫീസിന് ബാധകമായി അടിസ്ഥാന നികുതി / ഈടാക്കേണ്ട നികുതി നിരക്ക് | കുറവ് |
|---|---|---|---|---|---|---|
| 477/5 | മാധവൻ, കോങ്ങാട്ടു പുത്തൻപുര, മഞ്ഞപ്ര | 153 | ഇളവ് (മേഖല – 10% ) വർദ്ധനവ് (വഴി- 20%) | 6/- 1010 | 40/- 6732 | 5722 |

സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തിയപ്പോൾ ഉണ്ടായിട്ടുള്ള അപാകതക പരിഹരിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം 11/27-7-2017 നുള്ള മറുപടിയിൽ കെട്ടിടത്തിന്റെ ഒക്യുപൻസിയിൽ മാറ്റം വരുത്തി കുടിശ്ശിക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

3. <u>സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്</u>

ഗ്രാമപഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്. നിയമാനുസൃതമായി ഏർപ്പെടുത്താവുന്ന സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത ഗ്രാമപഞ്ചായത്ത് പരിശോധിക്കേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തുനികുതിയുടെ 3% ൽ കുറയാത്ത തുക.
2. തെരുവുവിളക്കുകൾ - വസ്തുനികുതിയുടെ 2% ൽ കുറയാത്ത തുക.
3. ശുചിത്വ പരിപാലനം - വസ്തുനികുതിയുടെ 2% ൽ കുറയാത്ത തുക.
4. ഡ്രൈനേജ് - വസ്തുനികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം 11/27-7-2017 നുള്ള മറുപടിയിൽ ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി ഈക്കാര്യത്തിൽ തീരുമാനം എടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 <u>മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്</u>

ഓഡിറ്റിന് സമർപ്പിച്ച കണക്ക് പ്രകാരം 15 മൊബൈൽ ടവറുകൾ ഗ്രാമപഞ്ചായത്ത്

പരിധിയിലുണ്ട്. ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതിലെ കൃത്യത പരിശോധിക്കുന്നതിന്റെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ ടവർ ഉടമകൾ വർഷങ്ങളോളം നികുതി കുടിശ്ശിക വരുത്തിയിട്ടുള്ളതായി കണ്ടെത്തി.

14 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഇനത്തിൽ 336847 രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം | ടവറിന്റെ ഉടമ | നിർണ്ണയിച്ച വസ്തു നികുതി | വസ്തു നികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | 4/539 | വയർലസ് ടി.ടി ഇൻഫോ സർവീസ് ലിമിറ്റഡ്, കൊച്ചി | 6143 | 24572 |
| 2 | 8/521 | ഇൻഡസ് ടവേഴ്സ്, കൊച്ചി | 6930 | - |
| 3 | 16/439 | ബി.എസ്.എൻ.എൽ | 4620 | 18480 |
| 4 | 9/595 | വയർലസ് ടി.ടി ഇൻഫോ സർവീസ് ലിമിറ്റഡ്, കൊച്ചി | 6143 | 13536 |
| 5 | 9/598 | ബി.എസ്.എൻ.എൽ | 5250 | 21000 |
| 6 | 12/554 | ഇൻഡസ് ടവേഴ്സ്, കൊച്ചി | 21840 | 20024 |
| 7 | 12/635 | കെ.ടി.സി ഇൻഫ്രാ സ്ട്രക്ച്ചർ പ്രൈ.ലിമി. | 7350 | 29400 |
| 8 | 12/633 | റിലയൻസ് ജിയോ ഇൻഫോ കോം ലിമിറ്റഡ്, ചിറ്റൂർ | 7360 | 6550 |
| 9 | 12/634 | ചെന്നൈ നെറ്റ് വർക്ക് ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ്, കൊച്ചി | 7350 | 37566 |
| 10 | 13/475 | ബി.എസ്.എൻ.എൽ | 5250 | 21000 |
| 11 | 2/571 | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ് | 6300 | 4402 |

| | | | | |
|---|---|---|---|---|
| 12 | 2/572 | റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലിമി. | 6300 | 25200 |
| 13 | 5/93 | ബി.എസ്.എൻ.എൽ | 8505 | 34430 |
| 14 | 5/613 | ഇൻഡസ് ടവേഴ്സ്, കൊച്ചി | 6300 | 25063 |
| 15 | 10/556 | ഇൻഡസ് ടവേഴ്സ്, കൊച്ചി | 18900 | 55624 |
| ആകെ | | | | 336847 |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും, അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളുടെ പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തു നികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2 /2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. സ.ഉ(എം.എസ്)നം.150/14 /ത.സ്വ.ഭ.വ തിയതി 21-8-2014 പ്രകാരം നിലവിൽ വന്ന അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷാ ഫീസ് 25000 രൂപയാണ്.
മൊബൈൽ ടെലിഫോൺ ടവറിന് സ.ഉ(അ)നം.19/2011/ത.സ്വ.ഭ.വ തിയതി 14-1-2011 പ്രകാരമുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് ചതുരശ്ര മീറ്ററിന് 500 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ടെങ്കിലും യഥാസമയം നികുതി ഈടാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഓഡിറ്റ് നിർദ്ദേശം

1. മൊബൈൽ ടവറുകളുടെ കൃത്യമായ കണക്ക് ശേഖരിച്ച് അനധികൃത ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ക്രമവൽക്കരിച്ച് കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ നഷ്ടം ഉണ്ടാകാതിരിക്കുവാൻ ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും കൂട്ടായ ശ്രമം ഉണ്ടാകേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 2/25-7-2017)

കുടിശ്ശിക ഈടാക്കുന്നതാണെന്ന് 29-7-2017 ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ അധികൃതർ അറിയിച്ചു.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-3 തൊഴിൽ നികുതി - രേഖകളുടെ

# പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ

2016-17 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി റിട്ടേണുകളും ഡിമാന്റ് രജിസ്റ്ററും പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

എ) തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

2016-17 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ ഒരു അർദ്ധ വർഷത്തെ തൊഴിൽ നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്ര. നം | സ്ഥാപനത്തിന്റെ പേര് | ജീവന ക്കാരുടെ എണ്ണം | നികുതി ഈടാക്കിയ അർദ്ധവർഷം / ഈടാക്കിയ തുക | നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|---|---|
| 1 | എഴുത്തച്ഛൻ ട്രെയിനിംഗ് കോളേജ്, മഞ്ഞപ്ര | 6 | ഒന്ന്<br>3000/- | രണ്ടാം അർദ്ധ വർഷം |

ബി) സ്ഥാപന ഉടമകളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|
| കെ.എസ്.ഇ.ബി | രണ്ടാം അർദ്ധ വർഷം |
| ബി. എസ്. എൻ. എൽ | ഒന്നും രണ്ടും അർദ്ധ വർഷം |
| മൂച്ചിക്കുന്നൻ ഹോട്ടൽസ് Pvt. Ltd. | ഒന്നാം അർദ്ധവർഷം |
| ശ്രീകൃഷ്ണ സ്കഫോൾഡിംഗ്സ് | ഒന്നും രണ്ടും അർദ്ധ വർഷം |

സി) സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നം./ വാർഡ് നം. | സ്ഥാപനത്തിന്റെ പേര് | ജീവന ക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 620 A/11 | ജെ.ആർ സോഡ | 6 |
| 2 | 788/13 | ആഷിഷ് റബ്ബർ പ്രൊഡക്ട്സ് | 12 |
| 3 | 70/11 | യുണൈറ്റഡ് ഗ്രാനൈറ്റ്സ് | 8 |
| 4 | 6/7 | കെ.വി.എം ഹോളോബ്രിക്സ് യൂണിറ്റ് | 6 |
| 5 | 410/14 | കെ.എം. എബ്രഹാം കമ്പനി | 5 |
| 6 | 379/14 | ഹൈനസ്സ് പ്രൊഡക്ട്സ് പ്രൈ.ലിമി. | 6 |
| 7 | 325/4 | ഐശ്വര്യ സാമിൽ | 8 |
| 8 | 519/11 | ത്രീ സ്റ്റാർ മെറ്റൽസ് | 6 |
| 9 | 2/11 | സംസം ഫുഡ് പ്രൊഡക്ട്സ് | 8 |

| | | | |
|---|---|---|---|
| 10 | 354/2 | സസ്യ ഫുഡ് & ബിവറേജസ് | 8 |
| 11 | 600 C/10 | ഗായത്രി ഫ്യൂവൽസ് | 11 |

ഓഡിറ്റ് അന്വേഷണം നം. 12/27-7-2017 നുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ പൂർണ്ണമായും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

2016 17 സാമ്പത്തിക വർഷത്തിൽ ആകെ 182 അപേക്ഷകൾ ലഭിച്ചതിൽ 153 കെട്ടിടങ്ങൾക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ബാക്കി 29 അപേക്ഷകൾ നിരസിച്ചതായോ അപേക്ഷകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങളോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മുൻ വർഷങ്ങളിലും തൻവർഷവും പെർമിറ്റ് അനുവദിച്ച് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയ 297 കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ നൽകിയിട്ടുണ്ട്. എന്നാൽ പെർമിറ്റ് രജിസ്റ്ററിൽ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി കെട്ടിട നമ്പർ നൽകിയവയുടെ വിവരങ്ങളൊന്നും തന്നെ ഉൾപ്പെടുത്തിയിട്ടില്ല.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പെർമിറ്റ് നം./തിയതി | അപേക്ഷകന്റെ പേര്, സ്ഥലം | കെട്ടിടത്തിന്റെ ഉപയോഗം | വിസ്തീർണ്ണം m2 | കെട്ടിട നം./ വാർഡ് നം. |
|---|---|---|---|---|
| A2-2247/16<br>03-05-16 | ഡയാന ജോർജ്ജ്,കല്ലിങ്കൽപ്പാടം, കണ്ണമ്പ്ര | പാർപ്പിടം | 103.60 | 601/14 |
| A1-2540/14<br>28-05-14 | കൃഷ്ണകുമാർ,<br>കൈക്കോളത്തറ, മഞ്ഞപ്ര | പാർപ്പിടം | 59.97 | 605/5 |
| 68/15-16<br>03-12-15 | വർഗ്ഗീസ് & ബിന്ദു വർഗ്ഗീസ്,കല്ലിങ്കൽപ്പാടം,പന്നിയങ്കര | പാർപ്പിടം | 167.37 | 609/14 |

തദ്ദേശസ്വയംഭരണ (ഐ.ബി) വകുപ്പിന്റെ 4-10-2013 ലെ സ.ഉ.(സാധാ) നം. 2465/13 /തസ്വഭവ പ്രകാരം കെട്ടിട നിർമ്മാണത്തിന് അനുമതി ലഭിക്കുന്ന എല്ലാ അപേക്ഷകളും സ്വീകരിക്കുന്നതും കെട്ടിട നിർമ്മാണാനുമതി നല്കുന്നതും ഐ.കെ.എം. വികസിപ്പിച്ച "സങ്കേതം" സോഫ്റ്റ്‌വെയർ മുഖേന മാത്രമായിരിക്കണമെന്ന് നിർദ്ദേശിച്ച് ഉത്തരവായിട്ടുണ്ട്. സങ്കേതം സോഫ്റ്റ്‌വെയർ നാളിതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല.

ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.
രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും ചേർക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം. നം. 19/29-7-2017 ന് മറുപടി ലഭ്യമായിട്ടില്ല.

## 2-5 ഡി&ഒ ലൈസൻസ് അപേക്ഷകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ

എ. 1996 ലെ കേരള പഞ്ചായത്ത് രാജ്(ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക V പ്രകാരം ഭക്ഷ്യ ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിക്കുന്നതിന് ആരോഗ്യ വകുപ്പിൽ നിന്നുള്ള സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. എന്നാൽ നിരവധി സ്ഥാപനങ്ങൾക്ക് ഈ വ്യവസ്ഥ പാലിക്കാതെയാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് നം | അപേക്ഷകന്റെ പേരും മേൽ വിലാസവും | സ്ഥാപനം |
|---|---|---|
| 82/16-17 | എൻ.രവി, വെട്ടത്ത് വീട്, കാരപ്പൊറ്റ | മിൽമ ബൂത്ത് |
| 97/16-17 | എം.കൃഷ്ണകുമാർ, വലിയപറമ്പ്, കണ്ണമ്പ്ര | അഭിഷേക് എന്റർപ്രൈസസ് |
| 99/16-17 | കെ.വി.രവീന്ദ്രൻ, തോട്ടുപാലം, കണ്ണമ്പ്ര | കെ.വി.ആർ സ്റ്റോർ<br>ബേക്കറി |
| 146/16-17 | പി.ജെ.ജോർജ്ജ്, ചെമ്പൂത്തറ | പി.എം.ജി സ്റ്റോർ<br>ബേക്കറി & സ്റ്റേഷനറി |

<u>ബി) ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ചട്ട പ്രകാരമുള്ള ലൈസൻസ് അനുവദിച്ചിട്ടില്ല</u>

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഫാമുകൾക്ക് 2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഫോറം നമ്പർ 3 ൽ ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിനുള്ള ചട്ടപ്രകാരമുള്ള ലൈസൻസ് ആവശ്യമാണ്. 2016-17 ൽ ഡി&ഒ ലൈസൻസ് നല്കിയ താഴെപ്പറയുന്ന

സ്ഥാപനങ്ങൾക്ക് മേൽ ചട്ടപ്രകാരം ലൈസൻസ് നൽകിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം. | സ്ഥാപനം | പക്ഷികളുടെ എണ്ണം |
|---|---|---|---|
| 1 | 198/16-17 | കൈരളി പൗൾട്രി ഫാം<br>അപേക്ഷകൻ -ടി.വി.പ്രഭാകരൻ, തണ്ടാശ്ശേരി | 2400<br>(മലിനീകരണ നിയന്ത്രണ ബോർഡ് സർട്ടിഫിക്കറ്റ് പ്രകാരം) |
| 2 | 199/16-17 | ചൈതന്യ പൗൾട്രി ഫാം<br>അപേക്ഷകൻ - ബിനോയ് സണ്ണി, വാണിയംപാറ | 2400<br>(മലിനീകരണ നിയന്ത്രണ ബോർഡ് സർട്ടിഫിക്കറ്റ് പ്രകാരം) |

ഓഡിറ്റ് അന്വേഷണം നം. 12/27-7-2017നുള്ള മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ അനുബന്ധം III അനുസരിച്ചുള്ള പട്ടികയിലെ ക്രമ നമ്പർ 15 പ്രകാരം തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തുകൾക്ക് തെരുവു വിളക്കുകളുടെ പരിപാലനത്തിനായി തുക ചെലവഴിക്കേണ്ടത് അനിവാര്യമാണ്. പരിമിതമായ തനത് വരുമാന സ്രോതസ്സുകൾ മാത്രമുള്ള കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള ശ്രമങ്ങൾ എത്രത്തോളം ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടെന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. തെരുവുവിളക്കുകളുടെ എണ്ണവും വൈദ്യുതി ചാർജ്ജും

നിലവിൽ തെരുവുവിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത് വൈദ്യുതി ബോർഡിന്റെ രേഖകൾ പ്രകാരമുള്ള കൃത്യതയില്ലാത്ത കണക്കനുസരിച്ചാണ്. തെരുവുവിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിക്കുവാനായി സംയുക്ത പരിശോധന നടത്തുവാൻ ഗ്രാമപഞ്ചായത്ത് 2.6.2017 തിയ്യതിയിൽ വൈദ്യുതി ബോർഡിന് എ1-2151/17 പ്രകാരം കത്ത് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ ഭൗതിക പരിശോധന നടത്തിയിട്ടില്ല. വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ചുള്ള തെരുവുവിളക്കുകളുടെ എണ്ണവും പ്രതിമാസ വൈദ്യുതി ചാർജ്ജും താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | 18-4-2017 ന് മുൻപുള്ള നിരക്ക് | 18-4-2017 ലെ നിരക്ക് | നിലവിലെ പ്രതിമാസ വൈദ്യുതി ചാർജ്ജ് |
|---|---|---|---|---|---|
| 1 | സാധാരണ ലാമ്പ് - 40 W | 480 | 61 | 66 | 31680 |
| 2 | സാധാരണ ലാമ്പ് - 60 W | 182 | 94 | 102 | 18564 |
| 3 | ഫ്ലൂറസെൻറ് റ്റ്യൂബ് - 40W | 8 | 61 | 66 | 528 |
| 4 | ഫ്ലൂറസെൻറ് റ്റ്യൂബ് -40*2W | 347 | 124 | 134 | 46498 |
| 5 | സോഡിയം വേപ്പർ ലാമ്പ്-250W | 37 | 414 | 447 | 16539 |
| ആകെ | | 1054 | | | 113809 |

ബി. സി.എഫ് ലാമ്പുകളും എൽ.ഇ.ഡി ലാമ്പുകളും കണക്കിൽ ഇല്ല

ഗ്രാമപഞ്ചായത്തിൽ മുൻകാലയളവുകളിൽ സ്ഥാപിച്ചിട്ടുള്ള സി.എഫ്.എൽ, എൽ.ഇ.ഡി എന്നീ ലാമ്പുകളുടെ എണ്ണം വൈദ്യുതി ബോർഡിന്റെ കണക്കിൽ ഉൾപ്പെട്ടിട്ടില്ല. സി.എഫ്.എൽ ഉൾപ്പെടെയുള്ള ലാമ്പുകൾ മാറ്റി 2015-16 വർഷത്തിൽ 389 എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും പ്രതിമാസ ബില്ലിൽ ആനുപാതിക ഇളവ് നാളിതുവരെ ഉണ്ടായിട്ടില്ല. തെറ്റായ കണക്കുകൾ പ്രകാരം വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത് ഒഴിവാക്കുന്നതിനുള്ള ശ്രമം ഗ്രാമപഞ്ചായത്ത് നടത്തുന്നുണ്ടെങ്കിലും വൈദ്യുതി ബോർഡ് ഈ വിഷയത്തിൽ പ്രതികരിച്ചതായി കാണുന്നില്ല.

സി. നിലവിലില്ലാത്ത സാധാരണ ലാമ്പുകൾക്ക് ഒടുക്കുന്ന വൈദ്യുതി ചാർജ്ജ് ക്രമീകരിക്കാത്തതുമൂലം ഗ്രാമപഞ്ചായത്തിന് വൻ നഷ്ടം

സാധാരണ ലാമ്പുകൾ വാങ്ങുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും മുൻ വർഷങ്ങളിലൊന്നും ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിട്ടില്ല. വിവിധ ഘട്ടങ്ങളിലായി

സാധാരണ ലാമ്പുകൾ മാറ്റി സി.എഫ്.എല്ലും എൽ.ഇ.ഡിയും സ്ഥാപിച്ചിട്ടുണ്ട്. തെരുവുവിളക്കുകളുടെ സംയുക്തപരിശോധന നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് 2.6.17 തിയ്യതിയിൽ അസിസ്റ്റൻറ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കെ.എസ്.ഇ.ബി, പുതുക്കോടിന് നല്കിയ എ1-2151/17 നം. കത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ സാധാരണ ലാമ്പുകളൊന്നും നിലവിലില്ലെന്ന് സൂചിപ്പിച്ചിട്ടുണ്ട്. സ്ട്രീറ്റ് പോസ്റ്റ്കളിലെല്ലാം ബൾബുകൾക്ക് പകരം സി.എഫ്.എൽ, ഫ്ളൂറസെന്റ് ട്യൂബ് എന്നിവയാണ് ഉപയോഗിച്ച് വരുന്നതെന്നും സൂചിപ്പിച്ചിട്ടുണ്ട്. ആയതിനാൽ വൈദ്യുതി ബോർഡ് 40 വാട്ടിന്റെ 480 സാധാരണ ലാമ്പുകൾക്കും, 60 വാട്ടിന്റെ 182 സാധാരണ ലാമ്പുകൾക്കും വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത് ക്രമപ്രകാരമല്ല. വൈദ്യുതി ബോർഡുമായി സംയുക്ത പരിശോധന നടത്തിയ ശേഷം, പ്രവർത്തിക്കുന്നവയ്ക്ക് മാത്രം ചാർജ്ജ് ഒടുക്കുന്ന രീതിയിലേക്ക് സംവിധാനം ഉണ്ടാക്കേണ്ടതാണ്.

ഡി. മീറ്ററിംഗിനായി ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം

തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 2016-17 വർഷത്തിൽ പ്രൊജക്റ്റ് നം. 109/17 പ്രകാരം പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കുവാനും മീറ്റർ സ്ഥാപിക്കുവാനുമായി 2382530 രൂപ വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. നാളിതുവരെ മീറ്റർ സ്ഥാപിച്ചിട്ടില്ല. ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് | ബിൽ നം. / തിയതി | തുക |
|---|---|---|
| 109/17-പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കലും മീറ്റർ സ്ഥാപിക്കലും | 1. 26/24.3.17<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 2382530<br>(461820 – കെ.എസ്.ഇ.ബി വടക്കഞ്ചേരി + 1920710) |

സ.ഉ (എം.എസ്) നം.4/2016/ത.സ്വ.ഭ.വ തിയതി 11-1-2016 പ്രകാരം പുറപ്പെടുവിച്ച 2016-17 വർഷത്തേക്കുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.15(x)(സി) അനുസരിച്ച് വൈദ്യുതി ബോർഡുമായി കരാറിൽ ഏർപ്പെട്ട ശേഷം മാത്രമേ മുൻകൂർ അനുവദിക്കാവൂ എന്ന് വ്യവസ്ഥയുണ്ട്. ആയതനുസരിച്ച് എഗ്രിമെന്റ് വെക്കാത്തതിനാൽ പ്രവൃത്തി എന്ന് പൂർത്തീകരിക്കുമെന്ന് ഉറപ്പില്ലാത്ത സ്ഥിതിയാണുള്ളത്.

മീറ്ററിംഗ് നിലവിൽ വരുന്നതോടെ നിലവിലില്ലാത്തതും പ്രകാശിക്കാത്തതുമായ ലാമ്പുകൾക്ക് ചാർജ്ജ് ഒടുക്കേണ്ടിവരുന്നത് ഒഴിവാകുന്നതാണ്.

ഇ. തെരുവുവിളക്കുകളുടെ പരിപാലനച്ചെലവ്

തൻവർഷം പ്രൊ.നം. 61/17 പ്രകാരം തെരുവുവിളക്ക് വാങ്ങലിനും പരിപാലനത്തിനുമായി 175663 രൂപ (ബിൽ നം. 32/29-3-2017) ചെലവഴിച്ചിട്ടുണ്ട്. കൂടാതെ തനത് ഫണ്ടിൽ നിന്നും ഈ ആവശ്യത്തിനായി നേരിട്ടും തുക ചെലവഴിക്കുന്നുണ്ട്.

എഫ്. ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്

വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ചുള്ള തെരുവുവിളക്കുകളെല്ലാം 24 വാട്ടിന്റെ എൽ.ഇ.ഡി ലാമ്പുകൾ ആക്കുകയാണെങ്കിൽ താഴെ പറയും പ്രകാരം ബിൽ തുക കുറയ്ക്കാവുന്നതാണ്.

24 വാട്ടിന്റെ എൽ.ഇ.ഡി ലാമ്പിന്റെ പ്രതിമാസ നിരക്ക് - 20

24 വാട്ടിന്റെ 1054 എൽ.ഇ.ഡി ലാമ്പുകളുടെ പ്രതീക്ഷിത ചാർജ്ജ് - 1054*20 = 21080

നിലവിലുള്ള വൈദ്യുതി ചാർജ്ജ് - 113809

പ്രതിമാസം പ്രതീക്ഷിക്കാവുന്ന ലാഭം - 92729

വൈദ്യുതി ചാർജ്ജിനത്തിൽ 81% കുറവ് പ്രതീക്ഷിക്കാവുന്നതാണ്.

എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി 50000 മണിക്കൂർ ആയുസ്സ് ഉള്ളതിനാൽ 10 വർഷത്തിൽ അധികം നിലനിൽക്കുന്നതാണ്. വൈദ്യുതി ചാർജ്ജിനത്തിലെ കുറവ് കൂടാതെ പരിപാലനത്തിനായി ചെലവഴിക്കുന്ന തുകയിലും കുറവ് വരുത്താവുന്നതാണ്. മീറ്ററിംഗ് നിലവിൽ വരുന്നതോടെ കൂടുതൽ നേട്ടം പ്രതീക്ഷിക്കാവുന്നതാണ്.

ജി. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്തപരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും വൈദ്യുത ചാർജ്ജ് സംബന്ധമായ കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

3. നിലിവില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കി വരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകൾ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾ ഘട്ടം ഘട്ടമായി മാറ്റി ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച്

നടപ്പിലാക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

6. മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. തുക ഡെപ്പോസിറ്റ് ചെയ്തപ്പോൾ വൈദ്യുതി ബോർഡുമായി എഗ്രിമെന്റ് വെക്കാതിരുന്നത് ശരിയായ നടപടിയല്ല.

7. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടർ 17-8-2015 ന് പുറപ്പെടുവിച്ചിട്ടുള്ള ജി2-44274/2015 നം. ഉത്തരവിൽ കൊടുത്തിട്ടുള്ള മാതൃകയിൽ തെരുവു വിളക്ക് മെയ്ന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണസമിതിയും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

വിഷയം 29-7-2017 ന് ചേർന്ന എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് അധികാരികൾ അറിയിക്കുകയും ചെയ്തിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 21/29-7-2017)

## 3-2 പൊതുടാപ്പുകൾ കുറവു ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

കേരള ജല അതോറിറ്റിയുടെ കീഴിലുള്ള 328 പൊതു കുടിവെള്ള ടാപ്പുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. ടാപ്പ് ഒന്നിന് 5250 രൂപ നിരക്കിൽ 143500 രൂപ പ്രതിമാസ വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. പ്രതിവർഷം 17.22 ലക്ഷം രൂപ ഈ ഇനത്തിൽ ചെലവഴിക്കേണ്ടി വരുന്നുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥന്റെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു.

ഗാർഹിക കണക്ഷനുകൾക്ക് പ്രോൽസാഹനം നൽകി ഒരു പ്രദേശത്തെ മുഴവൻ

വീടുകൾക്കും കുടിവെള്ളം ഉറപ്പാക്കിയതിനുശേഷം പൊതുടാപ്പുകൾ നിർത്തലാക്കാക്കുക എന്നതായിരുന്നു 12-ാം പദ്ധതിയുടെ സമീപനം.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. പരമാവധി കുടുംബങ്ങൾക്ക് ജല ലഭ്യത ഉറപ്പാക്കുന്നതിനായി നിയമാനുസൃത സബ്സിഡി അനുവദിച്ച് ഗാർഹിക കുടിവെള്ള കണക്ഷനുകൾ അനുവദിക്കുന്നതിനുള്ള പ്രൊജക്റ്റുകൾ ആവിഷ്കരിക്കേണ്ടതാണ്. ഇക്കാര്യത്തിനായി 13-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്)നം.72/2017/തസ്വഭവ തിയതി 29-3-2017, സബ്സിഡി മാർഗ്ഗരേഖ ജി.ഒ(എം.എസ്)നം.80/2017/തസ്വഭവ തിയതി 03.04.2017 എന്നിവയിലെ നിബന്ധനകൾ പാലിക്കേണ്ടതാണ്.
2. ജില്ലാ പഞ്ചായത്തുമായി ചേർന്ന് സംയുക്ത പ്രൊജക്റ്റുകൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.
3. ഒരു പ്രദേശത്തെ എല്ലാ വീടുകളിലേയും ജലലഭ്യത ഉറപ്പാക്കിയതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കാവുന്നതാണ്.

ഈ വിഷയത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് 29-7-2017 ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അറിയിച്ചു.
തുടർ നടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.21/29-9-2017)

## 3-3 <u>അസാധാരണ ചെലവുകളുടെ രേഖകൾ പ്രത്യേകം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല</u>

2016-17 വർഷത്തെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ ധാരാളം തുക അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്നുണ്ടെങ്കിലും ദൈനംദിന ചെലവായി പരിഗണിക്കുന്നതായി കണ്ടെത്തി. വൗച്ചറിനോടൊപ്പം ചെലവ് രേഖകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വൗച്ചറിൽ അസാധാരണ ചെലവ് എന്ന് രേഖപ്പെടുത്തുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി. പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്.

അസാധാരണ ചെലവിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം./ തിയതി | തുക | ചെലവിനം |
|---|---|---|
| 256/ 8-7-16 | 4950 | കൊട്ടേക്കാട് ഹെൽത്ത് സെന്റർ ഉത്ഘാടനം - വിവിധ ചെലവുകൾ |
| 257/8-7-16 | 4950 | |
| 20/4-4-16 | 6000 | എ-സോൺ കലോൽസവം - സംഭാവന |
| 294/21-7-16 | 2050 | വ്യവസായ പാർക്ക് ചർച്ച-മന്ത്രി പങ്കെടുത്ത ചടങ്ങ്-ചെലവ് |
| 341/1-8-2016 | 1000 | |
| 386/16-8-2016 | 10000 | ഗവ.സ്കൂൾ കെട്ടിടം ഉദ്ഘാടനം-മന്ത്രി പങ്കെടുത്ത ചടങ്ങ്-ചെലവ് |
| 788/24-12-2016 | 10000 | ഗദ്ദിക-പ്രചാരണം |

അസാധാരണ ചെലവുകൾ നിർവ്വഹിക്കുമ്പോൾ 2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ കർശനമായും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 21/29-7-2017)

## 3-4 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണവിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്

ഓഡിറ്റ് വർഷത്തിൽ വൈദ്യുതി ബോർഡിന് താഴെ പറയുന്ന പ്രകാരം 2520530 രൂപ ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിനായി മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക |
|---|---|---|---|
| വൈദ്യുതി ബോർഡ് | 171/17-വിവിധ ഭാഗങ്ങളിൽ ലൈൻ വലിക്കലും മീറ്റർ സ്ഥാപിക്കലും | 26/24-3-2017 | 2382530 |
| | 108/17-സമ്പൂർണ്ണ വൈദ്യുതീ കരണം | 16/18-1-2017 | 78000 |
| | | 32/29-3-2017 | 60000 |
| ആകെ | | | 2520530 |

സ.ഉ(എം.എസ്)നം.4/2016/ത.സ്വ.ഭ.വ തിയതി 11-1-2016 പ്രകാരം പുറപ്പെടുവിച്ച 2016-17 വർഷത്തേക്കുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.15(x)(സി) അനുസരിച്ച് വൈദ്യുതി ബോർഡുമായി കരാറിൽ ഏർപ്പെട്ട ശേഷം മാത്രമേ മുൻകൂർ അനുവദിക്കാവൂ എന്ന്

വ്യവസ്ഥയുണ്ട്. അപ്രകാരമുള്ള കരാറിൽ ഏർപ്പെടാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതും തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കി ബാക്കിയുള്ള തുക തിരികെ ഈടാക്കേണ്ടതുമാണ്.
(ഓഡിറ്റ് അന്വേഷണം നം. 21/29-7-2017)

## 3-5 പട്ടികജാതി വിഭാഗക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതി പൂർത്തീകരിച്ചില്ല

പ്രൊ.നം. 133/16 (7/17) – ഭവന നിർമ്മാണം

അടങ്കൽ - 1110000 – എസ്.സി.പി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

ചെലവ് - 450000

| ബിൽ നം. / തിയതി | തുക |
|---|---|
| 1/23-9-2016 | 180000 |
| 2/21-10-2016 | 90000 |
| 5/14-12-2016 | 90000 |
| 8/24-3-2017 | 90000 |
| ആകെ | 450000 |

2015-16 വർഷത്തിൽ ആരംഭിച്ച പദ്ധതിയുടെ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

യൂണിറ്റ് നിരക്ക് - 300000 രൂപ

| ക്രമ നം. | ഗുണഭോക്താവ് | നാളിതുവരെ കൈപ്പറ്റിയ തുക | കൈപ്പറ്റുവാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | ശ്രീ.കെ.മണി, ചിറ, മഞ്ഞപ്ര | 270000 | 30000 |
| 2 | ശ്രീമതി. പാർവതി സതീഷ് മേക്കുന്ന് | 210000 | 90000 |
| 3 | ശ്രീ.രാധാകൃഷ്ണൻ, കൊളയങ്കാട്, മഞ്ഞപ്ര | 30000 | 270000 |
| ആകെ | | 510000 | 390000 |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ക്രമ നം. 3 ലെ ഗുണഭോക്താവ് ഒരു ഗഡു മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്. ടി

ഗുണഭോക്താവിന്റെ ഭവന നിർമ്മാണം തുടരാത്തപക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 18/29-7-2017 നുള്ള മറുപടിയിൽ ക്രമ നം. 1, 2 എന്നിവരുടെ ഭവന നിർമ്മാണം ഉടൻ പൂർത്തീകരിക്കുന്നതാണെന്നും ക്രമ നം. 3 ലെ ഗുണഭോക്താവിന്റെ വിവരം ഭരണ സമതിയുടെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അടങ്ങിയ രജസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ പരിശോധനയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് സ.ഉ.(സാധാ)നം.2465/2016/തസ്വഭവ തിയ്യതി 17.08.2016 പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്റർ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഹാജരാക്കിയില്ല.

ഉത്തരവ് പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളും ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടെയും വിവരങ്ങൾ ഉൾകൊള്ളുന്ന ഒരു രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കേണ്ടതാണെന്ന് നിർദ്ദേശം നല്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഭിന്നശേഷിക്കാരുടെ വിവരങ്ങൾ ലഭ്യമാകുമ്പോൾ അവ കാലാകാലങ്ങളിൽ യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തി വയ്ക്കേണ്ടതാണ്. റജിസ്റ്ററിൽ വിവരങ്ങൾ ചേർക്കുന്നതിന്റെ ഉത്തരവാദിത്തം ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. ഭിന്നശേഷിക്കാരായ വ്യക്തികൾക്കുള്ള കേന്ദ്ര/ സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഈ രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവരങ്ങൾ ഉപയോഗിക്കേണ്ടതാണെന്നും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഭിന്നശേഷിക്കാരായ വ്യക്തികളെ സംബന്ധിച്ച വിവരം ശേഖരിക്കുന്നതിന് സംസ്ഥാന സർക്കാർ ശുപാർശ ചെയ്യുന്ന രീതിയിലുള്ള സർവേകളോ/ ക്യാമ്പുകളോ ഗ്രാമപഞ്ചായത്ത് സംഘടിപ്പിക്കേണ്ടതും അപ്രകാരം ലഭ്യമാകുന്ന വിവരങ്ങൾ രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യുന്നതിന് ഉപയോഗിക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരം രജിസ്റ്റർ തയ്യാറാക്കിയശേഷം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ഡിസ്എബിലിറ്റി സർട്ടിഫിക്കറ്റ് നല്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള നിശ്ചിത ഫോറത്തിൻെറ മാതൃക ഉത്തരവിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.

സർക്കാർ നിർദ്ദേശപ്രകാരമുള്ള രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. രജിസ്റ്ററിലെ വിവരങ്ങളെ അടിസ്ഥാനമാക്കി പദ്ധതികൾ ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 6/27-7-2017)

# 3-7 പോഷകാഹാര പരിപാടിയുടെ കേന്ദ്രസഹായം സമയബന്ധിതമായി ചെലവഴിക്കുന്നില്ല

പൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്രവിഹിതമായി ബ്ലോക്ക് പഞ്ചായത്ത് മുഖേന ലഭിച്ച തുകയിൽ 1042256/- രൂപ ചെലവഴിക്കാതെ സെൻട്രൽ ഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ടെന്ന് പരിശോധനയിൽ കണ്ടെത്തി.
കോർപ്പറേഷൻ ബാങ്ക്, കണ്ണമ്പ്ര-അക്കൗണ്ട് നം-8579
നീക്കിയിരിപ്പിന്റെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 300382 |
| വരവ് | 1439798 |
| ആകെ | 1740180 |
| ചെലവ് | 697924 |
| നീക്കിയിരുപ്പ് | 1042256 |

സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.
നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

എ. അങ്കണവാടികളുടെ ഭൗതികസാഹചര്യം വിലയിരുത്തൽ

ഗ്രമപഞ്ചായത്തിൽ ആകെ 25 അങ്കണവാടികളാണുള്ളത്. ഇതിൽ 7 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 14 അങ്കണവാടികൾ വൈദ്യുതീകരിച്ചിട്ടില്ല. 16 അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റമതിൽ ഉള്ളത്. 18 അങ്കണവാടികളിൽ കുടിവെള്ള സൗകര്യം ഉണ്ട്. 23 അങ്കണവാടികളിൽ ടോയ്ലെറ്റ് സൗകര്യം ഉണ്ടെങ്കിലും അവയൊന്നും തന്നെ ബേബി ഫ്രണ്ട്ലി അല്ല. 2 അങ്കണവാടികളിൽ ടോയ്ലെറ്റ് സൗകര്യം ഇല്ല.
അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനുള്ള 23-5-2017ലെ പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറിൽ (നം.എ-1/10034/16) ആരോഗ്യമേഖലയിൽ നിരവധി സഹായങ്ങളും പ്രതിരോധ ചികിത്സകളും ലഭിക്കുന്ന അങ്കണവാടികളെ അവഗണിച്ച് സാധാരണ ജനങ്ങൾപോലും കൂണുപോലെ മുളച്ച് പൊങ്ങുന്ന ഇംഗ്ലീഷ് മീഡിയം പ്ലേ

സ്കൂളുകളിലേക്ക് ആകർഷിക്കപ്പെടുന്നതിനുള്ള പ്രവണത തടയുന്നതിന് ആവശ്യമായ മുൻകരുതലുകൾ എടുക്കുന്നതിനും പുതിയ കെട്ടിടങ്ങൾ തയ്യാറാക്കുമ്പോൾ ആയതിന് പ്ലാൻ തയ്യറാക്കുന്ന എഞ്ചിനീയറിംഗ് വിഭാഗം അങ്കണവാടികൾക്ക് അനിവാര്യമായ കുടിവെള്ള പൈപ്പ്, ഇലക്ട്രിക് വയറിംഗ്, ടോയ്ലെറ്റ് എന്നിവകൂടി പ്ലാനിൽ ഉൾപ്പെടുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് കെട്ടിടങ്ങളും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. അങ്കണവാടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് മുൻഗണന കൊടുക്കുന്നതിന് പകരം ഉള്ള അങ്കണവാടികളുടെ ഗുണനിലവാരവും കാര്യക്ഷമതയും ഉയർത്തുന്നതിന് വേണ്ട നടപടികൾ ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്.
അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ പദ്ധതികൾ ആവിഷ്കരിക്കുവാനും മുൻഗണന നൽകി അവ പ്രാവർത്തികമാക്കുവാനും ശ്രദ്ധിക്കേണ്ടതുമാണ്.

# 3-8 വെളിയിട വിസർജ്ജന വിമുക്ത ഗ്രാമ പദ്ധതി (ODF)- കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളുടെ അവലോകനം

തുറസായ സ്ഥലത്ത് മലമൂത്ര വിസർജ്ജനമില്ലാത്ത ഗ്രാമപഞ്ചായത്തായി പ്രഖ്യാപിക്കുന്നതിനായി ബേസ്‌ലൈൻ സർവ്വേ പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിനായി 15400/- രൂപ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. ശുചിത്വ മിഷന്റെ ജില്ലാ ഓഫീസിന്റെ 3.2.2016 ലെ 580/15 നം. ഉത്തരവിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ശുചിത്വ മിഷൻ മുഖേന കേന്ദ്ര വിഹിതമായി 12000/- രൂപ വീതം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് നല്കുന്നതിനായി ഗ്രാമപഞ്ചായത്തിന് കൈമാറണമെന്നും നിബന്ധനയുണ്ടായിരുന്നു.

കേന്ദ്ര വിഹിതം ലഭ്യമാകുവാൻ വൈകിയതിനാൽ സർക്കാർ ഉത്തരവ്(സാധാ)നം. 2235/2016/തസ്വഭവ തിയ്യതി 25.7.2016 ലെ നിർദ്ദേശാനുസരണം വികസനഫണ്ടിൽ നിന്നും തുക വകയിരുത്തിയാണ് ഗ്രാമപഞ്ചായത്ത് ഈ ആവശ്യത്തിനായി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്. 2016-17 വർഷത്തിൽ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ താഴെ ചേർക്കുന്നു.

എ. ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച പ്രൊജക്റ്റിന്റെ വിവരം

പ്രോജക്റ്റ് നമ്പർ. 1/17- വ്യക്തിഗത കക്കൂസ് നിർമ്മാണം

അടങ്കൽ -2233000 (വികസന ഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ

ചെലവ് - 2233000രൂപ

| ക്രമ നം. | ബിൽ നമ്പർ | തുക |
|---|---|---|
| 1 | 1/16-17/ 25.8.16 | 308000 |
| 2 | 2/16-17/ 31.8.16 | 462000 |
| 3 | 3/ 16-17/ 7.9.16 | 462000 |
| 4 | 4/16-17/ 3.10.16 | 462000 |
| 5 | 7/16-17/ 28.10.16 | 539000 |
| ആകെ | | 2233000 |

ബേസ് ലൈൻ സർവ്വേ പ്രകാരം ഗ്രാമപഞ്ചാത്ത് 185 പേരുടെ ലിസ്റ്റ് തയ്യാറാക്കുകയും തൻവർഷത്തിൽ കക്കൂസ് നിർമ്മാണം പൂർത്തീകരിച്ച 145 പേർക്ക് ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായി വികസന ഫണ്ടിൽനിന്നും വകയിരുത്തിയ 22,33,000/-രൂപയും ചെലവഴിച്ചിട്ടുണ്ട്.

ബി. കേന്ദ്ര വിഹിതം ലഭ്യമായതിന്റെ വിവരം

ഒ.ഡി.എഫ് പദ്ധതിക്കായി ശുചിത്വമിഷൻ മുഖേന 1539000രൂപ കേന്ദ്ര ഫണ്ടായി പിന്നീട് ലഭ്യമായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | 122627/27.12.16 | 609000 | സർവ്വീസ് സർവ്വീസ് സഹകരണ ബാങ്ക് കണ്ണമ്പ്ര<br>അക്കൗണ്ട് നമ്പർ-268 |
| 2 | 111498/17.3.17 | 696000 | ട്രഷറി ടി.എസ്.പി അക്കൗണ്ട് |
| ആകെ | | 1305000 | |

സി. കേന്ദ്ര ഫണ്ടിന്റെ വിനിയോഗ വിവരം

സർക്കാർ ഉത്തരവ്(സാധാ)നം.2235/2016/തസ്വഭവ തിയ്യതി 25.7.2016 പ്രകാരം ഒ.ഡി.എഫ് പദ്ധതിയുടെ കേന്ദ്രവിഹിതം പദ്ധതി നടത്തിപ്പിനുശേഷം ലഭ്യമായാൽ പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്. ആയതനുസരിച്ച് കേന്ദ്രവിഹിതം വകയിരുത്തി 2 പദ്ധതികൾ ആവിഷ്കരിച്ചുവെങ്കിലും ഒരു പദ്ധതിയിൽ മാത്രമാണ് ചെലവ് നടന്നിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റിന്റെ വിവരം |
|---|---|
| 1 | പ്രോജകറ്റ് നമ്പർ 134/17-18-പനങ്കാവ് കുടിവെള്ള പദ്ധതി<br>അടങ്കൽ - 50000/- രൂപ |

| | |
|---|---|
| | നിർവ്വഹണ ഉദ്യോഗസ്ഥൻ- എ.ഇ<br>ചെലവ് - ഇല്ല |
| 2 | പ്രോജകറ്റ് നമ്പർ 135/17-18-കല്ലേരി അങ്കണവാടി പുനരുദ്ധാരണം<br>അടങ്കൽ - 80000/- രൂപ<br>ചെലവ് -74047 രൂപ |

ഡി. വിനിയോഗിക്കാതെ ബാക്കിനിൽക്കുന്ന കേന്ദ്രവിഹിതം

കേന്ദ്രവിഹിതമായി ലഭ്യമായ 1305000 രൂപയിൽ കല്ലേരി അങ്കണവാടി പുനരുദ്ധാരണത്തിനായി ചെലവഴിച്ച 74047 രൂപ കഴിച്ചുള്ള 1230953/- രൂപ തനത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്.

ഇ. വെളിയിട വിസർജ്ജന വിമുക്ത ഗ്രാമപഞ്ചായത്ത്

26.9.2016 തിയ്യതിയിൽ ഗ്രാമപഞ്ചായത്ത് വെളിയിട വിസർജ്ജന വിമുക്ത പഞ്ചായത്തായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

കേന്ദ്ര ഫണ്ടിനത്തിൽ ലഭ്യമായ തുകയിൽ അവശേഷിക്കുന്ന തുക ചെലവഴിക്കുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കുകയോ അല്ലാത്തപക്ഷം ഉചിതമാർഗ്ഗേന തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

തുടർ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം.5/27-7-2017 ന് മറുപടി ലഭ്യമായില്ല.

# 3-9 പാലിയേറ്റീവ് പരിചരണ പരിപാടി - അവലോകനം

പ്രൊജക്ട് നം. 37/2017-പാലിയേറ്റീവ് പരിചരണ പരിപാടി
അടങ്കൽ -340000 (വികസന ഫണ്ട്)

തൻവർഷത്തെ ചെലവ് – 298659

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)
ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യവകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ)നം. 3217/2015 /തസ്വഭവ തിയതി 29-10-2015 പ്രകാരം പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

വീടുകൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഹോം കെയർ സംവിധാനമാണ് പ്രധാന പ്രവർത്തനം. ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി വകയിരുത്തിയ 340000 രൂപയിൽ 298659 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പ് രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ചെലവു വിവരം

| വികസന ഫണ്ട്<br>ബിൽ നം., തിയതി | തുക |
|---|---|
| 1/15-10-16 | 89556 |
| 2/15-10-16 | 23478 |
| 3/23-11-16 | 23480 |
| 4/23-11-16 | 23180 |
| 5/23-12-16 | 23550 |
| 6/20-1-17 | 23190 |
| 7/22-3-17 | 25285 |
| 8/27-3-17 | 22510 |
| 9/30-3-17 | 12000 |
| 10/30.3.17 | 5000 |
| 12/30-3-17 | 27430 |
| ആകെ | 298659 |

2017 മാർച്ച് 31 വരെയുള്ള കണക്കു പ്രകാരം പാലിയേറ്റീവ് കെയർ നോമിനൽ രജിസ്റ്ററിൽ ആകെ 340 പേർ രജിസ്റ്റർ ചെയ്യുകയും, അതിൽ ഗൃഹപരിചരണം ആവശ്യമായ 94 പേരെ ഫോളോഅപ്പ് ഹോം കെയർ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ഗൃഹപരിചരണം തുടർന്നു വരുകയും ചെയ്യുന്നുണ്ട്. വീടുകൾ സന്ദർശിച്ച് പരിചരണ പ്രവർത്തനങ്ങൾ നടത്തുകയും ആയത് പ്രതിമാസ യോഗങ്ങളിൽ വിശകലനം നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. പാലിയേറ്റീവ് രോഗി ബന്ധു സംഗമം, റാലി, പാലിയേറ്റീവ് ദിനാചരണം വിവിധ സംഘടനകൾ, വ്യക്തികൾ മുതലായവരുടെ സംഭാവന മുഖേന നിർദ്ധനരായ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനകിറ്റ് വിതരണം, ഓണകിറ്റ് വിതരണം, പാലിയേറ്റീവ് പദ്ധതിയുടെ കീഴിൽ രോഗികൾക്ക് ആവശ്യമായ ഉപകരണങ്ങൾ വിതരണം, ആയുർവേദം, ഹോമിയോ മരുന്നുകൾ വാങ്ങൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ബി. പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റിയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള പുതുക്കിയ മാർഗ്ഗരേഖ സ.ഉ(സാധാ)നം.3217/2015/തസ്വഭവ തിയതി 29-10-2015 ലെ ഖണ്ഡിക 2.4 പ്രകാരം പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റിയുടെ രൂപീകരണം, കമ്മിറ്റിയിലെ അംഗങ്ങൾ, കമ്മിറ്റിയുടെ ചുമതലകൾ എന്നിവ സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കമ്മിറ്റി എല്ലാ മാസവും 5-ാം തിയതിക്കു മുമ്പായി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം വിലയിരുത്തേണ്ടതാണ്. പാലിയേറ്റീവ് കെയർ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് പ്രവർത്തനത്തോടൊപ്പം തന്നെ മോണിറ്ററിംഗ് സംവിധാനവും ശക്തമാക്കേണ്ടതാണ്.

ഡി. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി(പി.എം.സി), പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

2. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുകയും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.
3. വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന തുകയുടെ വിനിയോഗം കാര്യക്ഷമമായി നടത്തേണ്ടതാണ്.

4. പാലിയേറ്റീവ് പരിചരണ പദ്ധതി തുടർന്നു വരുന്നതിനാൽ വാഹന വാടകയിനത്തിൽ ചെലവഴിക്കുന്ന ഭീമമായ തുക കുറവു ചെയ്യുന്നതിനായി പൊതുജനങ്ങളുടെ സഹകരണത്തോടെയോ സന്നദ്ധ സംഘടനകളുടെ സഹായത്തോടെയോ ഒരു വാഹനം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. 29-10-2015 ലെ സ.ഉ(സാധാ)നം. 3217/2015/തസ്വഭവ ഉത്തരവിൽ വാഹനം വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

5. കൂടുതൽ സ്ഥലങ്ങളിൽ സംഭാവനാ ബോക്സുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. പദ്ധതി നടത്തിപ്പിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള പുതുക്കിയ മാർഗ്ഗരേഖ സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 ലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

## 3-10 ആയുർവേദ ആശുപത്രിയിലേക്കുള്ള മരുന്നുകൾ സമയബന്ധിതമായി ലഭ്യമാകുന്നില്ല

പ്രൊജക്റ്റ് നം. - 56/2017

അടങ്കൽ - 700000 (മെയ്ന്റനൻസ് ഗ്രാന്റ്-റോഡിതരം-400000+വികസന ഫണ്ട്-300000)

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ(ആയുർവേദം)

ചെലവ് - 700000 രൂപ

ബിൽ നമ്പർ

1. 1/16-17/10-11-2016=400000

2. 3/16-17/13-3-2017= 300000

2016-17 സാമ്പത്തിക വർഷത്തിൽ ആയുർവേദ ആശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി പേരിൽ 700000/- രൂപ ഔഷധിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നല്കിയിട്ടുണ്ട്. അംഗീകൃത പദ്ധതി പ്രകാരം 111 ഇനം മരുന്നുകളാണ് ആവശ്യപ്പെട്ടിരുന്നത് നാളിതുവരെ 501435 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത് (ഇൻവോയിസ് നമ്പർ 48/1.10.16,4855/25.3.17).
198565 രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

മരുന്നുകൾ ലഭ്യമാകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഈ വിഷയം ഉന്നതാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. (13/28-3-2017 നുള്ള മറുപടിയിൽ ഔഷധിയിൽ നിന്നും ബാക്കി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.
മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-11 ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി എൻ.ആർ.എച്ച്.എം പദ്ധതി പ്രകാരമായതിനാൽ മരുന്നു വാങ്ങുന്നതിനുള്ള പ്രൊജക്റ്റുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി സെക്രട്ടറിയാണ് പ്രവർത്തിച്ചിരുന്നത്.
രണ്ട് പ്രൊജക്റ്റുകൾ പ്രകാരം തൻവർഷം 179145 രൂപ ഹോംകോ, ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ. പ്രൊ.നം. 42/17- വൃദ്ധ ജനങ്ങൾക്ക് ഹോമിയോ മരുന്ന്

അടങ്കൽ - 100000

ചെലവ് - 79500 (ബിൽ നം. 28/27-3-2017)

ഇൻഡന്റ് നം. PF-1430/21-3-2017 – 21 ഇനം മരുന്നുകൾ

ബി. പ്രൊ.നം. 43/17- ഹോമിയോ ആശുപത്രിക്ക് മരുന്ന്

അടങ്കൽ - 99645 (എം.ജി-നോൺ റോഡ്)

ചെലവ് - 99645 (ബിൽ നം. 29/27-3-2017)

ഇൻഡന്റ് നം. PF-1424/21-3-2017 – 15 ഇനം മരുന്നുകൾ

തുക ഹോംകോ, ആലപ്പുഴയുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടെങ്കിലും മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല.

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള തുക 3/2017 ലാണ് നൽകിയിട്ടുള്ളത്. മരുന്നുകൾ ലഭ്യമാകുന്നതിലുള്ള കാലതാമസം പരിഗണിച്ച് ഇത്തരം പദ്ധതികൾക്കുള്ള തുക സാമ്പത്തിക വർഷം അവസാനിക്കുന്ന സമയത്ത് നൽകുന്നതിനു പകരം മുൻകൂട്ടി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 21/29-7-2017)

29-7-2017 ന് ചേർന്ന എക്സിറ്റ് മീറ്റിംഗിൽ വിഷയം ചർച്ച ചെയ്യുകയും തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അധികാരികൾ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

## 3-12 കുടുംബശ്രീ അക്കൗണ്ടിൽ അവശേഷിക്കുന്ന വികസന ഫണ്ട് തുക ചെലവഴിച്ചില്ല

2015-16 വർഷത്തിൽ ആശ്രയ രണ്ടാംഘട്ടം - ജനറൽ (പ്രോജകറ്റ് നം. 68/16) എന്ന പദ്ധതിയുടെ നടത്തിപ്പിന്റെ ഭാഗമായി വൗച്ചർ നം.186/31-3-2016 പ്രകാരം 116386 രൂപയും 25.3.16 തിയ്യതിയിൽ വിവിധ ഡി.ഡി കൾ പ്രകാരം 751734 രൂപയും കൂടി ആകെ 868120 രൂപ ഭവനം, ഭവന റിപ്പയർ, സ്ഥലം വാങ്ങൽ എന്നിവയ്ക്കായി കുടുംബശ്രീ മെമ്പർ സെക്രട്ടറിക്ക് നല്കിയിട്ടുണ്ട്. ടി തുക മെമ്പർ സെക്രട്ടറിയുടെ പേരിലുള്ള കോർപ്പറേഷൻ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.12779) അവശേഷിക്കുന്നുണ്ട്.
ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 9/27-7-2017 നുള്ള മറുപടിയിൽ ആശ്രയ ഗുണഭോക്തൃ ലിസ്റ്റിന് അംഗീകാരം ലഭ്യമായത് 18-7-2016 നാണെന്നും മുൻഗണന അനുസരിച്ച് തുക ചെലവഴിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ആശ്രയ പദ്ധതിക്കായി കൈമാറുന്ന വികസന ഫണ്ട് അതാത് ആവശ്യങ്ങൾക്കായി വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-13 റിവോൾവിംഗ് ഫണ്ട് വിതരണത്തിനായി സി.ഡി.എസ് ന് കൈമാറിയ തുക ചെലവഴിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനായി 2015-16 വർഷത്തിൽ ആവിഷ്കരിച്ച പ്രൊജക്റ്റ് പ്രകാരം (നം.121/16) വൗച്ചർ നമ്പർ 71/28.1.16 പ്രകാരം 156933 രൂപയും വൗച്ചർ നമ്പർ 66/ 14.3.16 പ്രകാരം 43067 രൂപയും ട്രഷറിയിൽ നിന്നും പിൻവലിച്ച് (ആകെ 200000/-രൂപ) ഗ്രാമപഞ്ചായത്ത് സെക്രട്ടറി സി.ഡി.എസ് മെമ്പർ സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. 2015-16 വർഷത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.
2016-17 വർഷത്തിൽ 5000/- രൂപ വീതം 11 കുടുംബശ്രീ യൂണിറ്റുകൾക്ക് നല്കിയിട്ടുണ്ട്. 145000/- രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. അക്കൗണ്ട് നം. -12779 – കോർപറേഷൻ ബാങ്ക്, കണ്ണമ്പ്ര.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 8/27-7-2017 ന് മറുപടി ലഭ്യമായില്ല. ചെലവഴിക്കാതെ അവശേഷിക്കുന്ന വികസന ഫണ്ട് ഉചിതമാർഗ്ഗേന തിരിച്ചടക്കേണ്ടതാണ്. വികസനഫണ്ട് ചെലവഴിക്കുമ്പോൾ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-14 ആശ്രയ പദ്ധതി വിഹിതമായ വികസന ഫണ്ട് പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ച് മാസങ്ങളോളം സൂക്ഷിച്ചു

നിർവ്വഹണോദ്യോഗസ്ഥൻ - വി.ഇ.ഒ

പ്രൊജക്റ്റ് - 36/16-ആശ്രയ പദ്ധതി (ജനറൽ)

2015-16 സാമ്പത്തിക വർഷത്തിൽ മേൽ പദ്ധതിയുടെ വിഹിതമായ 181880 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് വി.ഇ.ഒ യുടെ പേരിലുള്ള കോർപ്പറേഷൻ ബാങ്ക് അക്കൗണ്ടിൽ (12133) 19.4.16 തിയ്യതിയിൽ നിക്ഷേപിച്ചുവെങ്കിലും പദ്ധതി നടത്തിപ്പിനായി തുക കുടുംബശ്രീക്ക് കൈമാറുന്നതിൽ കാലതാമസം ഉണ്ടായതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ബിൽ നമ്പർ-1. 8/15-16/28.3.16 | 116386 |
| ബിൽ നമ്പർ- 2. 9/15-16/28.3.16 | 65494 |
| ആകെ | 181880 |

ഒമ്പതു മാസം കഴിഞ്ഞ് 1.2.2017 ൽ മാത്രമാണ് തുക ചെക്ക് നമ്പർ 144396 പ്രകാരം പിൻവലിച്ച് മെമ്പർ സെക്രട്ടറി, സി.ഡി.എസി ന് നല്കിയിട്ടുള്ളത്. തുക മെമ്പർ സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ (കോർപ്പറേഷൻ ബാങ്ക്, കണ്ണമ്പ്ര) ക്രെഡിറ്റിൽ വന്നിട്ടുണ്ട്.(അക്കൗണ്ട് നം.-12779-ആശ്രയ രണ്ടാം ഘട്ടം)

28.3.16 തിയ്യതിയിൽ പിൻവലിച്ച തുക 01.02.2017 ലാണ് കുടുംബശ്രീക്ക് കൈമാറിയിട്ടുള്ളത്. ഏകദേശം 9 മാസത്തോളം കാലം തുക അക്കൗണ്ടിൽ മൃതനിക്ഷേപമായി അവശേഷിച്ചു.
ഓഡിറ്റ് അന്വേഷണം നം. 7/27-7-2017 നുള്ള മറുപടിയിൽ ആശ്രയ പദ്ധതിക്ക് അംഗീകാരം ലഭ്യമായത് 18-7-2016 ന് മാത്രമാണെന്ന് അറിയിച്ചിട്ടുണ്ട്.
ഫണ്ടുകൾ കൈകാര്യം ചെയ്യുമ്പോൾ ധനവിനിയോഗ മാർഗ്ഗരേഖകളിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-15 അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി നടത്തിപ്പ്- അവലോകനം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തുവാൻ ലക്ഷ്യമിട്ട് 2016-17 വർഷത്തിൽ അംഗീകാരം ലഭ്യമാക്കിയ 57 പ്രവൃത്തികളിൽ 45 എണ്ണം ആരംഭിക്കുകയും 33 എണ്ണം പൂർത്തീകരിക്കുയും ചെയ്തിട്ടുണ്ട്. 12 ടാറിംഗ് പ്രവൃത്തികൾ സ്പിൽ ഓവറായിട്ടുണ്ട്. 51 പ്രവൃത്തികളാണ് തൻവർഷം ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട 20807570 രൂപയിൽ 12304840 രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത് (59%).

നടപ്പാക്കിയ പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ ഇനം | എണ്ണം | കുറിപ്പ് |
|---|---|---|---|
| 1 | കുടിവെള്ള പദ്ധതി | 11 | |
| 2 | റോഡ് മെറ്റലിംഗ്/ കോൺക്രീറ്റ് | 9 | |
| 3 | റോഡ് ടാറിംഗ്/ റീടാറിംഗ് | 15 | 3 എണ്ണം പൂർത്തീകരിച്ചു |
| 4 | കെട്ടിടം | 7 | |
| 5 | വൈദ്യുതീകരണം/നെറ്റ് വർക്കിംഗ് | 2 | |
| 6 | ചെക്ക് ഡാം | 1 | |

| | | |
|---|---|---|
| ആകെ | 45 | |

2016-17 വർഷത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതുവായ അപാകതകൾ താഴെ ചേർക്കുന്നു.

1. സ്പിൽ ഓവർ പ്രവൃത്തികളുടെ കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.
2. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ കരാറുകാർക്ക് അയയ്ക്കുന്ന സെലക്ഷൻ നോട്ടീസ് കൃത്യമായി സൂക്ഷിക്കുന്നില്ല. ഭരണസമിതി ടെണ്ടർ അംഗീകരിച്ച തിയതിയും തീരുമാനം നമ്പറും രേഖപ്പെടുത്തുന്നില്ല.
3. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറുകൾ ഭരണ സമിതി അംഗീകരിച്ച തിയതിയും തീരുമാനം നമ്പറും ചേർക്കുന്നില്ല.
4. കാലഹരണപ്പെട്ട എഗ്രിമെന്റ് വ്യവസ്ഥകൾ ഒഴിവാക്കിയിട്ടില്ല.
5. ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങളുടെ രേഖകൾ അതാത് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ ആവശ്യമായ എല്ലാ രേഖകളും കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.
അപാകതകൾ പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 4/26-7-2017 നുള്ള മറുപടിയിൽ അസി. എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.

# 3-16 വിവിധ പ്രവൃത്തികളുടെ ഇ-ടെണ്ടർ ഫോറങ്ങളുടെ വില ജില്ലാ പഞ്ചായത്തിൽനിന്നും പഞ്ചായത്തിന് ലഭ്യമാക്കേണ്ടതാണ്

അഞ്ച് ലക്ഷത്തിനു മുകളിൽ അടങ്കലുള്ള വിവിധ പ്രവൃത്തികൾക്ക് ഇ-ടെണ്ടർ ക്ഷണിച്ചപ്പോൾ ലഭ്യമായ ടെണ്ടർ ഫോറങ്ങളുടെ വിലയും വിൽപന നികുതിയും പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. വിൽപന നികുതി തുക വില്പന നികുതി ഓഫീസിലേക്കും അടച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

I. 2016-17

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറങ്ങളുടെ എണ്ണം | ടെണ്ടർ ഫോറത്തിന്റെ വില | വാറ്റ് | ടെണ്ടർ തിയതി |
|---|---|---|---|---|---|---|
| 1 | ചിറ അങ്കണവാടി | 680000 | 2 | 2800 | 140 | 20-12-2016 |

| | | | | | | |
|---|---|---|---|---|---|---|
| 2 | പട്ടത്തറ ചങ്ങനംകുളം റോഡ് | 560000 | 4 | 4800 | 240 | |
| 3 | ആമക്കുളം കെ.എം റോഡ് | 630000 | 3 | 3900 | 200 | |
| 4 | കൊട്ടേക്കാട് പി.എച്ച്.സി നവീകരണം | 760000 | 2 | 3200 | 160 | |
| 5 | കൊന്നഞ്ചേരി- ചുങ്കത്തൊടി റോഡ് | 560000 | 3 | 3600 | 180 | |
| 6 | കുണ്ടഞ്ചിറ- ആറിങ്കൽപാടം റോഡ് | 663000 | 2 | 2800 | 140 | |
| 7 | കൊട്ടേക്കാട് തറ പുളിക്കൽ പറമ്പ് റോഡ് | 590000 | 2 | 2400 | 120 | |
| 8 | കല്ലിങ്കൽ പാടം കാർലോഡ് റോഡ് | 607000 | 2 | 2600 | 130 | |
| 9 | വാളുവെച്ചപാറ റോഡ് | 670000 | 2 | 2800 | 140 | |
| 10 | വൃദ്ധസദനം കെട്ടിട നിർമ്മാണം | 560000 | 3 | 3600 | 180 | |
| 11 | കൊട്ടേക്കാട് തറ നായർവീട് റോഡ് | 590000 | 2 | 2400 | 120 | |
| 12 | തേവാരക്കടവ് ചെക്ക് ഡാം | 934286 | 3 | 5700 | 290 | |
| | | | | 40600 | 2040 | |

II. 2015-16

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറ ങ്ങളുടെ എണ്ണം | ടെണ്ടർ ഫോറ ത്തിന്റെ വില | വാറ്റ് | ടെണ്ടർ തിയതി |
|---|---|---|---|---|---|---|
| 1 | കൊട്ടേക്കാട് ചേരുംകോട് റോഡ് | 593206 | 1 | 1200 | 60 | 11-9-2015 |
| 2 | പഞ്ചായത്ത് ഓഫീസ് നവീകരണം | 927622 | 2 | 3800 | 190 | 11-9-2015 |
| 3 | കുന്നംകാട് കണ്ണമ്പ്ര കുടിവെള്ള പദ്ധതി | 900000 | 1 | 1800 | 90 | 5-8-2015 |

| | | | | | | |
|---|---|---|---|---|---|---|
| 4 | വെറ്ററിനറി ആശുപത്രി നവീകരണം | 675000 | 1 | 1400 | 70 | 5-8-2015 |
| 5 | കൊട്ടേക്കാട് നായർവീട് റോഡ് നവീകരണം | 670000 | 1 | 1400 | 70 | 5-8-2015 |
| ആകെ | | | | 9600 | 480 | |

2015-16, 2016-17 വർഷങ്ങളിലെ ആകെ ടെണ്ടർ ഫീ 50200(40600+9600) രൂപ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വാറ്റ് തുകയായ 2520 രൂപ (2040+480) സർക്കാരിലേക്കും ഒടുക്കേണ്ടതാണ്.

തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം നം. 4/26-7-2017 നുള്ള മറുപടിയിൽ അസി.എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.
തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-17 കുടിവെള്ള പദ്ധതിയുടെ പഴയ മോട്ടോർ കയ്യൊഴിക്കേണ്ടതാണ്

പ്രൊ.നം. 80/17

അടങ്കൽ - 197000 (കെ.എൽ.ജി.എസ്.ഡി.പി)

ചെലവ് - 192541 (ബിൽ നം. 21/28-2-2017)

കരാറുകാരൻ - ശ്രീ.എൻ.ഹക്കീം

അളവു പുസ്തകം നം. 136/15-16

നടത്തിപ്പാറ കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള മോട്ടോറിന് കേടുപാടുകൾ സംഭവിച്ചതിനാൽ പുതിയ 10 HP യുടെ ഒരു മോട്ടോർ സ്ഥാപിച്ചിട്ടുണ്ട്.
നിലവിലുണ്ടായിരുന്ന മോട്ടോർ കേടുപാടുകൾ തീർത്ത് മറ്റേതെങ്കിലും പദ്ധതിക്കായി ഉപയോഗപ്രദമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 17/31-7-2017 നുള്ള മറുപടിയിൽ മോട്ടോർ ഉപയോഗ ശൂന്യമാണെന്നും പഞ്ചായത്ത് മുഖേന കയ്യൊഴിച്ച് തുക തനത് ഫണ്ടിൽ ഒടുക്കുന്നതാണെന്നും അസി. എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-18 കരാറുകാർക്ക് ടാർ വാങ്ങി നൽകുന്നതിനായി എണ്ണ കമ്പനികൾക്ക് നൽകിയ തുകകൾ ക്രമീകരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. എഞ്ചിനിയർ
2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്ത് 15 ടാറിംഗ് പ്രവൃത്തികളാണ് ആവിഷ്കരിച്ചിരുന്നത്.

കരാറുകാർക്ക് ഗ്രാമപഞ്ചായത്ത് നേരിട്ട് ടാർ വാങ്ങി നൽകേണ്ടതാണെന്ന് സർക്കുലർ നം. 75/ഡി.എ-1/2017 തിയതി 10-2-2017 പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നു. ഓരോ പ്രവൃത്തിക്കും ആവശ്യമായ ടാറിന്റെ ആവശ്യകത കണക്കാക്കി ആയതിനുള്ള തുക ട്രഷറിയിൽ നിന്നും പിൻവലിച്ച് എച്ച്.പി.സി.എൽ, ഹിന്ദുസ്ഥാൻ കോൾസ് എന്നീ എണ്ണക്കമ്പനികൾക്ക് നൽകിയിട്ടുണ്ട്.

17-2-2017 തിയതിയിൽ 15 ബില്ലുകൾ പ്രകാരം 288 ബാരൽ ടാറിന്റെ വിലയായി ആകെ 1874899 രൂപ ട്രഷറിയിൽ നിന്നും അസി. എഞ്ചിനിയർ പിൻവലിച്ച് എണ്ണ കമ്പനികളുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

അനുവദിച്ച തുക, ലഭ്യമായ ടാർ, ടാറിന്റെ ബിൽ പ്രകാരമുള്ള യഥാർത്ഥ മൂല്യം എന്നീ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. എച്ച്.പി.സി.എൽ (VG-30 ബിറ്റുമിൻ)

| ക്രമ നം. | ഇൻവോയ്സ് നം./തിയതി | ബാരലുകളുടെ എണ്ണം | ആകെ വില |
|---|---|---|---|
| 1 | 0019658/ 1-3-2017 | 85 | 478855.42 |
| 2 | 0019659/ 1-3-2017 | 85 | 478855.42 |
| 3 | 0019707/ 2-3-2017 | 53 | 298580.44 |
| 4 | 003935/ 27-3-2017 | 8 | 44433.49 |
| | ആകെ | 231 | 1300724.77 |
| | | അനുവദിച്ച തുക | 1317024 |
| | | അധികം അനുവദിച്ച തുക | 16299.23 |

അധികം അനുവദിച്ച തുക 16299/- രൂപ ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നും ഈടാക്കേണ്ടതാണ്.

2. ഹിന്ദുസ്ഥാൻ കോൾസ് (RS1 Emulsion bitumin)

| ക്രമ നം. | ഇൻവോയ്സ് നം./തിയതി | ബാരലുകളുടെ എണ്ണം | ആകെ വില |
|---|---|---|---|
| 1 | 0341699/ 6-3-2017 | 19 | 140771 |
| 2 | 0345570/ 15-3-2017 | 2 | 14817 |
| | ആകെ | 21 | 155588 |
| | | അനുവദിച്ച തുക | 149084 |
| | | കുറവായി അനുവദിച്ച തുക | 6504 |

3. ഹിന്ദുസ്ഥാൻ കോൾസ് (SS1 Emulsion bitumin)

| ക്രമ നം. | ഇൻവോയ്സ് നം./തിയതി | ബാരലുകളുടെ എണ്ണം | ആകെ വില |
|---|---|---|---|
| 1 | 0345571/ 15-3-2017 | 33 | 398829 |
| 2 | 380019/ 10-5-2017 | 3 | 35563 |

| | | |
|---|---|---|
| ആകെ | 36 | 434392 |
| അനുവദിച്ച തുക | | 408790 |
| കുറവായി അനുവദിച്ച തുക | | 25602 |

ഹിന്ദുസ്ഥാൻ കോൾസിന് അധികമായി നൽകുവാനുണ്ടായിരുന്ന 32106 (6504+25602) പ്രസിഡണ്ടിന്റെ നിർദ്ദേശപ്രകാരം കരാറുകാർ ഒടുക്കിയതായി ഓഡിറ്റ് അന്വേഷണം നം. 4/31-7-2017 നുള്ള മറുപടിയിൽ അസി. എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. HPCL ന് അധികമായി അനുവദിച്ച 16299 രൂപ കമ്പനിയിൽ നിന്നും ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ആകെ ലഭ്യമായ 288 ബാരൽ ടാറുകളും കരാറുകാർക്ക് വിതരണം ചെയ്തിട്ടുള്ളതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

HPCL ന് അധികമായി അനുവദിച്ച 16299 രൂപ തിരികെ ഈടാക്കേണ്ടതാണ്.

കരാറുകാർ ഒടുക്കിയ 32106 രൂപ ക്രമീകരിക്കുന്നതിനായി പ്രൊജക്റ്റ് രൂപീകരിക്കേണ്ടതാണ്.

സ്പിൽ ഓവർ ആയ ടാറിംഗ് പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **3-19** കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി -വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ:വെറ്ററിനറി സർജൻ

| | |
|---|---|
| പ്രോജക്ട് നം. | 38/17 |
| അടങ്കൽ | 1250000/- |
| ചെലവ് | 312500/- |
| ട്രഷറി ബിൽ നം | P2/16-17 തി.24-12-2016 |

2016-17 സാമ്പത്തിക വർഷത്തിൽ കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി നടപ്പാക്കുന്നതിനായി കന്നുകുട്ടി പരിപാലന പരിപാടിയുടെ ചുമതലയുള്ള അസി.ഡയറക്ടർ, പാലക്കാടിന് ഡി.ഡി നം.873031/ 27-12-2016 പ്രകാരം 312500/- രൂപ കൈമാറിയിട്ടുണ്ട്.

പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 16/31-7-2017)

## **3-20** തൊഴിലുറപ്പ് പദ്ധതി പ്രകാരം വൈവിധ്യമാർന്ന പ്രവൃത്തികൾ നടത്തിയത് അഭിനന്ദനാർഹം

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ 2016-17 വർഷത്തിൽ വൈവിധ്യമാർന്ന പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുണ്ട്. തരിശു ഭൂമി കൃഷിയോഗ്യമാക്കൽ, ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തോട്, കനാൽ എന്നിവ വൃത്തിയാക്കൽ, മണ്ണ് സംരക്ഷണത്തിന്റെ ഭാഗമായി ഭൂവികസനം, കുടിവെള്ള ക്ഷാമം പരിഹരിക്കാനായി കിണർ, കുളം എന്നിയുടെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ തൻവർഷം ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

പദ്ധതി പ്രകാരം നിർമ്മിച്ച നൽകിയ 14 കിണറുകളും ജലസമൃദ്ധമാണെന്നത് നേട്ടമായി വിലയിരുത്തുന്നു.. തൻവർഷത്തിൽ ഏറ്റെടുത്ത 14 കുളം പുനരുദ്ധാര പ്രവൃത്തികളിൽ 13 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. കുഴൽകിണറിന്റെ നിർമ്മാണത്തിലൂടെയുള്ള അമിത ഭൂഗർഭ ജല ചൂഷണം ഒഴിവാക്കുന്നതിന് വരും വർഷങ്ങളിൽ കൂടുതൽ തുറന്ന കിണറുകളുടെ നിർമ്മാണത്തിന് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്. തൻവർഷം ഏറ്റെടുത്ത 126 പ്രവൃത്തികളിൽ 101 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട് എന്നതും അഭിനന്ദനാർഹമാണ്.

ജനറൽ വിഭാഗത്തിൽ 59 കുടുംബങ്ങൾക്കും എസ്.സി/എസ്.ടി വിഭാഗത്തിൽ 14 കുടുംബങ്ങൾക്കും തൻവർഷം 100 തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്.

ആസ്തികൾ സൃഷ്ടിക്കുന്നതിനുള്ള കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുവാൻ തുടർവർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 316800 | ഉഴവുകൂലി | 316800 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 739200 | ഉഴവുകൂലി | 739200 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

<table>
<tr><th>നിർവ്വഹണ ഏജൻസി</th><th>പ്രവൃത്തിയുടെ പേര്</th><th>ബിൽ/ ചെക്ക് നമ്പർ</th><th>തുക</th><th>ചെലവഴിച്ച തുക</th><th>പൂർത്തീകരിച്ച വിവരം</th><th>ബാക്കി തുക</th></tr>
<tr><td rowspan="5">വൈദ്യുതി ബോർഡ്</td><td>171/17-വിവിധ ഭാഗങ്ങളിൽ ലൈൻ വലിക്കലും മീറ്റർ സ്ഥാപിക്കലും</td><td>26/24-3-2017</td><td>2382530</td><td colspan="3" rowspan="3">വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.</td></tr>
<tr><td rowspan="2">108/17-സമ്പൂർണ്ണ വൈദ്യുതീകരണം</td><td>16/18-1-2017</td><td>78000</td></tr>
<tr><td>32/29-3-2017</td><td>60000</td></tr>
<tr><td>110/17-കാരപ്പൊറ്റ അങ്കണവാടിയിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ</td><td>17/18-1-2017</td><td>14313</td><td>14313</td><td rowspan="2">പൂർത്തീകരിച്ച</td><td>0</td></tr>
<tr><td>129/17-കുണ്ടം ചിറ കുന്നംപള്ളി വൈദ്യുതി ലൈൻ മാറ്റൽ</td><td>21/25-2-2017<br>വൗ.നം. 2101236/ 30-3-2017</td><td>26386<br>4018</td><td>26386<br>4018</td><td>0<br>0</td></tr>
</table>

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

# 4-6 ഓഡിറ്റ് റിക്കവറി

- ഒന്നുമില്ല -

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ്

## ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഖണ്ഡികകളൊന്നും ഉൾപ്പെട്ടിട്ടില്ല.

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 61686186 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51407703 |
| വരവിനങ്ങളിലുള്ള നഷ്ടം | 5722 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1(2) | 5722 | - | ശ്രീ.സുബ്രമണ്യൻ.എസ് സെക്രട്ടറി (2861 – ഒന്നാം അർദ്ധവർഷം) |
| | | | ശ്രീ.എ.മുരളീധരൻ, സെക്രട്ടറി (2861 – രണ്ടാം അർദ്ധവർഷം) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സുബ്രമണ്യൻ.എസ് സെക്രട്ടറി | - | ഭാമ നിവാസ് അത്തിപ്പൊറ്റ പഴമ്പാലക്കോട് പാലക്കാട് |
| ശ്രീ.എ.മുരളീധരൻ, സെക്രട്ടറി | സെക്രട്ടറി കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് | അഞ്ചനം, പുഴക്കൽ, കണ്ണാടി (പി.ഒ). പാലക്കാട് |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി7/745/99/27-10-1999 | 12 |
| 1997-98 | എൽ.എഫ്.പി9/421/99/5-4-2000 | 16 |
| 1999-2000, 2000-2001 & 2001-02 | എൽ.എഫ്.പി10/187/05/15-9-2016 (Plan)<br><br>എൽ.എഫ്.പി10/187/09/ 21-6-2007(Except Plan) | 22<br><br>8 |
| 2002-03 | കെ.എസ്.എ-പികെഡി-10/583/16/ 26-7-16 | 1 |
| 2003-04 | എൽ.എഫ്.പി10/7/07/21-8-2007 | 7 |
| 2004-05 | എൽ.എഫ്.പി10/538/10/5-4-2011 | 11 |
| 2005-06 | കെ.എസ്.എ-പികെഡി-10/582 /16/26-7-16 | 2 |

| | | |
|---|---|---|
| 2006-07 | കെ.എസ്.എ-പികെഡി-10/540/10/ 5-4-2011 | 4 |
| 2007-08 | കെ.എസ്.എ-പികെഡി-10/541/10/ 5-4-2011 | 6 |
| 2008-09 | കെ.എസ്.എ-പികെഡി-10/542/10/ 5-4-2011 | 2 |
| 2009-10 & 2010-11 | എൽ.എഫ്.പി10/1920/12/16-11-2012 | 3 |
| 2011-12 | എൽ.എഫ്.പി10/1788/14/2-12-2014 | - |
| 2012-13 | എൽ.എഫ്.പി10/1457/15/28-10-2016 | 3 |
| 2013-14 & 2014-15 | കെ.എസ്.എ-പികെഡി-10/1447/16/ 10-8-2016 | 4 |
| 2015-16 | കെ.എസ്.എ-പികെഡി-10/231/17/ 28-1-2017 | 17 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# 1

# അനുബന്ധം 1

നം. കെ.എസ്.എ-പികെഡി10/1520/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തിയതി -23-08-2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം കാലികമാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD10/1520/2017

Kerala State Audit Department

District Audit Office

Palakkad

Date – 23-08-2017

## Audit Certificate

Certified that I have audited the Annual Financial Statement of Kannambra Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kannambra Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Asset value not ascertained and included in balance sheet.

Deputy Director